## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7479 | 17.7.2012-ൽ മറുപടിയ്ക്ക്

### കുന്നംകുളം നിയോജക മണ്ഡലത്തിലെ കർഷകർക്ക് കർഷക പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | കർഷകർക്കുവേണ്ടി നടപ്പിലാക്കുന്ന പെൻഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ചെറുകിട നാമമാത്ര കർഷകപെൻഷനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽ നിന്നും കാർഷിക വികസന സമിതിയുടെ അംഗീകാരം ലഭിച്ച അർഹതയുള്ള അപേക്ഷകൾ ക്രോഡീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എത്ര കർഷകർക്ക് ഇതേവരെ സംസ്ഥാനത്ത് പെൻഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്; | (ബി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ സംസ്ഥാനത്ത് ഇതുവരെയും നൽകി തുടങ്ങിയിട്ടില്ല. പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | കുന്നംകുളം നിയോജക മണ്ഡലത്തിലെ കാട്ടകാമ്പാൽ, പോർകളം, കടവല്ലൂർ, കടങ്ങോട്, എരുമപ്പെട്ടി, വേലൂർ, ചൊവ്വന്നൂർ, ആർത്താറ്റ് എന്നീ കൃഷിഭവനുകളിലായി എത്ര അപേക്ഷകളാണ് കർഷക പെൻഷനു വേണ്ടി ഇതേവരെ ലഭിച്ചിട്ടുള്ളത്; ഇപ്രകാരം എത്രപേർക്ക് പെൻഷൻ അനുവദിച്ചു നൽകി; ഓരോ കൃഷിഭവനും കീഴിലുള്ളവരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ? | (സി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം കുന്നുംകുളം നിയോജകമണ്ഡലത്തിലെ 1760 കർഷകരുടെ അപേക്ഷകളാണ് കൃഷിഭവനുകളിൽ ലഭിച്ചിട്ടുള്ളത്. അവ ഇപ്രകാരമാണ്. |

| | |
|---|---|
| കാട്ടക്കാമ്പാൽ | - 251 |
| പോർക്കുളം | - 140 |
| കടവല്ലൂർ | -258 |
| കടങ്ങോട് | -272 |
| എരുമപ്പെട്ടി | -265 |
| വേലൂർ | - 301 |
| ചൊവ്വന്നൂർ | - 166 |
| ആർത്താറ്റ് | - 107 |
| ആകെ | 1760/- |

(ആയിരത്തി എഴുന്നൂറ്റി അറുപത്.) ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽ നിന്നും കാർഷിക വികസന സമിതിയുടെ അംഗീകാരം ലഭിച്ച അർഹതയുള്ളവരുടെ അപേക്ഷകൾ ക്രോഡീകരിച്ചു കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

Snehamo

**സെക്ഷൻ ഓഫീസർ**